(സി) നിയമനം പി.എസ്.സി. യ്ക്കു വിട്ടിട്ടില്ല.

(ഡി) നാഷണൽ സേവിംഗ്സ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴിയും നേരിട്ടും സപ്പോർട്ടിംഗ് സ്റ്റാഫിനെ സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽനിന്നുമാണ് നിയമിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) തസ്തികമാറ്റം വഴി വികസന വകുപ്പിൽനിന്ന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർമാർ, റവന്യൂ വകുപ്പിൽ നിന്ന് തഹസീൽദാർമാർ, ഡെപ്യൂട്ടി തഹസീൽദാർമാർ, സെക്രട്ടേറിയറ്റിൽനിന്ന് സീനിയർ ഗ്രേഡ് അസിസ്റ്റന്റുമാർ എന്നിവരെയും ബാക്കി നേരിട്ടും 1: 1: 1: 1 എന്ന അനുപാതത്തിൽ നിയമിക്കുന്നു.

(ജി) വിവരം ശേഖരിച്ചുവരുന്നു. ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിൽ 10 പേർ മുന്നോക്ക ജാതിക്കാരും 16 പേർ മറ്റു പിന്നോക്ക ജാതിക്കാരും 4 പേർ പട്ടിക ജാതിക്കാരുമാണ്.

നാഷണൽ സേവിംഗ്സ് അച്ചടിച്ച ഡയറി

47 (2760) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വാലറ്റ്-2000-ലും സ്റ്റാൻഡേർഡ് ഡയറി 2000-ലും എത്ര വീതം അച്ചടിച്ചിട്ടുണ്ട് ;

(ബി) ഇതിലേയ്ക്ക് എത്ര രൂപ ചെലവായി ;

(സി) ഇവ വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ സമ്പാദ്യ പദ്ധതിയുടെ കളക്ഷൻ ടാർജറ്റ് നേടിയ ജില്ലകൾ ഏതെല്ലാം ; പ്രസ്തുത ജില്ലകൾക്ക് എത്ര വീതം ഡയറികൾ വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) കളക്ഷൻ ടാർജറ്റ് നേടാത്ത ജില്ലകൾക്ക് ഇത് നേടിയ ജില്ലകളെക്കാളും കൂടുതൽ ഡയറി കൊടുക്കാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാലറ്റ് 2000 - 50,000 എണ്ണവും സ്റ്റാൻന്റേർഡ് ഡയറി 2000- 8500 എണ്ണവും അച്ചടിച്ചിട്ടുണ്ട്.

(ബി) 6,78,300 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ സേവിംഗ്സിന്റെ ഓരോ ജില്ലാ ഓഫീസുകളിലും നൽകിയതിന്റെ കണക്ക് താഴെ പറയും പ്രകാരമാണ്.

ജില്ല	*ബാലറ്റ്*	*സ്റ്റാൻന്റേർഡ്*
തിരുവനന്തപുരം	703	600
കൊല്ലം	473	800
പത്തനംതിട്ട	434	500
ആലപ്പുഴ	503	800
കോട്ടയം	651	800
ഇടുക്കി	262	500
എറണാകുളം	946	1000
തൃശൂർ	870	1000
പാലക്കാട്	482	800
മലപ്പുറം	566	500
കോഴിക്കോട്	772	900
വയനാട്	121	300
കണ്ണൂർ	581	800
കാസർഗോഡ്	229	500

(ഡി) തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, വയനാട് എന്നീ 4 ജില്ല കളൊഴിച്ച് ബാക്കി 10 ജില്ലകളും ടാർജറ്റ് നേടി. അവർക്ക് വിതരണം ചെയ്ത ഡയറികളുടെ വിവരം ഉപചോദ്യം (സി) യിൽ നൽകിയിട്ടുണ്ട്.

(ഇ) കളക്ഷൻ ടാർജറ്റ് നേടുന്നതിനെ ആസ്പദമാക്കിയല്ല ഡയറികൾ വിതരണം ചെയ്യുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പരസ്യത്തിനും പ്രചരണത്തിനുമാണ് ഡയറികൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്.

ബിവറേജ് കോർപ്പറേഷനിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

48 (2761) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോർപ്പറേഷൻ ജീവനക്കാർക്ക് കെ.എസ്.ആർ. അനുസരിച്ചുള്ള സർവീസ് ചട്ടങ്ങൾ ബാധകമാണോ ;

(സി) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണ ഉത്തരവ് കോർപ്പറേഷൻ ജീവനക്കാർക്ക് ബാധകമാണോ ;

LIBRARY ARCHIVES Kerala Legislative Assembly